# അക്കാദമിക് മാസ്റ്റർ പ്ലാൻ

## 2025 - 26

## LPGS N PARAVUR

# ചരിത്രത്തിലൂടെ

ചരിത്രമുറങ്ങുന്ന പറവൂർ നഗരസഭയുടെ പരിധിയിലുള്ള എൽ. പി. ജി. സ്കൂൾ ആലുവ വിദ്യാഭ്യാസ ജില്ലയിലെ തന്നെ ആദ്യകാല വിദ്യാഭ്യാസ സ്ഥാപനമാണ് 1891 ലാണ് ഈ സ്കൂൾ സ്ഥാപിതമായത് ആദ്യകാലത്തിൽ ടാൽഷെഡിലാണ് പ്രവർത്തനം ആരംഭിച്ചത് അക്കാലത്ത് തിരുവിതാംകൂറിൽ ഒരു കോളേജ് പോലും ഉണ്ടായിരുന്നില്ല സ്കൂൾ വിദ്യാഭ്യാസം നേടണമെങ്കിൽ തന്നെ ജില്ലാ കേന്ദ്രങ്ങളിലുള്ള പ്രീ സ്കൂളിൽ പരിശീലനം കഴിഞ്ഞ് തിരുവനന്തപുരത്ത് പോയി പഠിക്കേണ്ട അവസ്ഥയായിരുന്നു അതിനാൽ എഴുത്താശാന്മാരിലൂടെ അത്യാവശ്യം വിദ്യാഭ്യാസം മാത്രം നേടാവുന്ന സാമൂഹിക സാഹചര്യത്തിൽ നിന്നും മാറ്റം വരുന്ന ഒരു സാഹചര്യത്തിൽ ഉദയം കൊണ്ടതാണ് ഈ വിദ്യാലയം ദൂരെ ദിക്കുകളിൽ നിന്നുപോലും കുട്ടികൾ ഈ വിദ്യാലയത്തിൽ എത്തിയിരുന്നു അതുകൊണ്ടുതന്നെ നാടിന്റെയും സമീപ പ്രദേശങ്ങളുടെയും വിദ്യാഭ്യാസപരമായ പുരോഗതിക്കും നാടിന്റെ വികാസനത്തിനും വഴിയൊരുക്കിയ ചരിത്രപ്രസിദ്ധമായ ഒരു വിദ്യാലയമാണ് പറവൂരിന്റെ അഭിമാനസ്തംഭമായി നില കൊള്ളുന്ന എൽ. പി. ജി. എസ്. 130 വർഷം പഴക്കമുള്ള ഈ വിദ്യാലയം ദീർഘകാലമായി പാഠ്യ പാഠ്യേതര വിഷയങ്ങളിൽ മികവ് പുലർത്തുന്നു പ്രീ പ്രൈമറി മുതൽ അഞ്ചാം-ക്ലാസ് വരെ കുട്ടികളാണ് ഇവിടെ പഠിക്കുന്നത് പ്രീ പ്രൈമറിക്കു വേണ്ടി സ്റ്റാർസ് പദ്ധതി പ്രകാരമുള്ള വർണക്കൂടാരം പദ്ധതി 13 ഇടങ്ങളായി ഇവിടെ പൂർത്തീകരിച്ചിട്ടുണ്ട്

# പൊതു ലക്ഷ്യങ്ങൾ

1 ഓരോ ക്ലാസുകളിലും ഓരോ വിഷയവുമായി ബന്ധപ്പെട്ട് നേടേണ്ട മുഴുവൻ ശേഷികളും കുട്ടിക്ക് ലഭ്യമായെന്ന് ഉറപ്പാക്കുക

2 ഓരോ കുട്ടിയിലുമുള്ള കഴിവുകൾ കണ്ടെത്തുകയും അത് പരിപോഷിപ്പിക്കാനാവശ്യമായ അവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്യുക

3 കുട്ടിക്ക് മികവാർന്ന പഠനാന്തരീക്ഷവും ഭൗതിക സാഹചര്യങ്ങളും ഒരുക്കിക്കൊടുക്കുക

4 മുഴുവൻ ക്ലാസുകളിലും ICT സാധ്യത ഉറപ്പുവരുത്തുകയും ICT അധിഷ്ഠിത പഠനത്തിനാവശ്യമായ ഭൗതിക സൗകര്യങ്ങളും അക്കാദമിക ഉപാദാനങ്ങളും ഉറപ്പാക്കും

5 പാഠ്യ പാഠ്യേതര പ്രവർത്തനങ്ങൾക്കാവശ്യമായ ഭൗതിക സൗകര്യങ്ങളും ഗവേഷണാത്മക അധ്യാപനത്തിനും, പഠനത്തിനുമുള്ള അവസരങ്ങളും ഒരുക്കുക

6 പഠന പിന്നോക്കാവസ്ഥ നേരിടുന്നവരെ കണ്ടെത്തി അവർക്കാവശ്യമായ ക്ലാസുകളും പഠനതന്ത്രങ്ങളും ആവിഷ്ക്കരിക്കുക

7 വിദ്യാലയം തന്നെ പാഠപുസ്തകം എന്ന രീതിയിലേക്ക് വിദ്യാലയത്തിന്റെ ഭൗതികാന്തരീക്ഷം മാറ്റിയെടുക്കുക

8 ലഘു പഠനയാത്രകൾ, പഠനക്യാമ്പുകൾ, ശില്പശാലകൾ വിദഗ്ധരുടെ ക്ലാസുകൾ, സെമിനാറുകൾ, പ്രൊജക്ടുകൾ തുടങ്ങിയ വൈവിധ്യമാർന്ന പഠനതന്ത്രങ്ങൾ. പ്രയോജനപ്പെടുത്തുക

9 പുതിയ തലമുറയ്ക്ക് കൃഷിയോടുള്ള താൽപര്യം വളർത്തിയെടുക്കുക

10 ലഹരിവസ്തുക്കളുടെ ഉപയോഗത്തിൽനിന്ന് കുട്ടികളെ അകറ്റുക അതിന്റെ ദൂഷ്യഫലങ്ങളെക്കുറിച്ച് അവരെ ബോധവാന്മാരാക്കുക

11 പ്ലാസ്റ്റിക് മുക്ത വിദ്യാലയം എന്ന ലക്ഷ്യം സാധ്യമാക്കുക

12 ജൈവ വൈവിധ്യ ഉദ്യാനം ഔഷധ ഉദ്യാനം എന്നിവ സംരക്ഷിക്കുക. കൂടുതൽ മെച്ചപ്പെടുത്തുക

13 പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങൾക്ക് പ്രത്യേക പരിഗണന നൽകി മുഖ്യധാരയിലെത്തിക്കുക

14 കുട്ടികൾക്കായി ഗൈഡൻസ്, കൗൺസിലിംഗ് സൗകര്യങ്ങൾ ഒരുക്കുക

15 അഞ്ചു വർഷത്തെ പഠനത്തിനു ശേഷം പുറത്തു വരുന്ന കുട്ടികൾ എല്ലാവരും തന്നെ മലയാളം ഇംഗ്ലീഷ് ഭാഷകളിൽ ആശയവിനിമയം നടത്തുന്നതിന് പ്രാപ്തരാക്കുക

16 ഓരോ കുട്ടിയെയും അവന്റെ ആവശ്യങ്ങൾ, താൽപര്യങ്ങൾ അഭിലാഷങ്ങൾ എന്നിവ പറഞ്ഞും എഴുതിയും പ്രകടിപ്പിക്കുക

17 സമൂഹവുമായി വിദ്യാലയത്തെ ബന്ധിപ്പിക്കുന്നതിനുള്ള പരമാവധി പ്രവർത്തനങ്ങളിൽ ഏർപ്പെടുക

18 പ്രദേശികമായി ലഭ്യമായ റിസോഴ്സുകളെ വിഭവങ്ങളെ പഠനപ്രവർത്തനങ്ങളുമായി ബന്ധപ്പെടുത്തുക

19 കുട്ടികളിൽ വായനയെ പരിപോഷിപ്പിക്കുന്നതിനായി ലൈബ്രറി ശാക്തീകരണം നടപ്പിലാക്കുക

20 മാലിന്യ സംസ്കരണത്തിന് സാധ്യമായ വിവിധ മാർഗ്ഗങ്ങൾ വിദ്യാലയത്തിൽ നടപ്പിലാക്കുക

21 ഉച്ചഭക്ഷണം കൂടുതൽ വൈവിധ്യവും ജനകീയവുമാക്കുക

22 കുട്ടികളിലെ കായികക്ഷമത ഉറപ്പുവരുത്തുന്നതിനാവശ്യമായ രീതിയിൽ കായിക പ്രവർത്തനങ്ങൾ നടപ്പിലാക്കുക

# അക്കാദമികം - നേട്ടങ്ങൾ

1. അക്കാദമിക പ്രവർത്തനങ്ങൾ മികച്ച രീതിയിൽ സംഘടിപ്പിക്കുന്ന മികവുറ്റ അധ്യാപക സമൂഹം
2. ആധുനിക രീതിയിൽ നവീകരിച്ച ശിശു സൗഹൃദമായ കെട്ടിട സമുച്ചയം
3. പഠന പിന്തുണ ആവശ്യമുള്ളവർക്ക് പ്രത്യേക പിന്തുണ പ്രവർത്തനങ്ങൾ
4. ഓരോ കുട്ടിയും ഒന്നാമനാണ് കുട്ടികളുടെ കഴിവും അഭിരുചിയും പരിഗണിച്ച് പരിശീലനം ലഭ്യമാക്കുന്നു
5. സർഗ്ഗാത്മക വേദികൾ, ആശയ പ്രകടന വേദികൾ ജനാധിപത്യ വേദികൾ എന്നിവ പ്രോത്സാഹിപ്പിക്കുന്ന വിദ്യാലയം
6. പാഠ്യേതര പ്രവർത്തനങ്ങൾ ദിനാചരണങ്ങൾ ഇടങ്ങിയവ മികവുറ്റ രീതിയിൽ നടപ്പിലാക്കുന്നു
7. കാർഷിക പ്രവർത്തികൾ. ജൈവ വൈവിധ്യ അന്തരീക്ഷം എന്നിവ കുട്ടികൾക്ക് പ്രദാനം ചെയ്യൽ
8. കലകായിക പ്രവൃത്തിപരിചയ മേളയിൽ മികച്ച പ്രകടനം
9. വിവിധ മത്സര പരീക്ഷകൾ, ക്വിസ് എന്നിവയിൽ ശ്രദ്ധേയ പ്രകടനം
10. പ്രീ പ്രൈമറി ഉത്സവങ്ങൾ വളരെ വിജയകരമായി നടത്തുവാൻ സാധിച്ചു.
11. സർഗ്ഗവേളകൾ സംയുക്തഡയറി എന്നിവയും വിജയകരമായിരുന്നു.
12. ഭക്ഷ്യമേളകൾ, കിഡ്സ് ഫെസ്റ്റ് എന്നിവ സംഘടിപ്പിച്ചു
13. PTA പൊതുയോഗങ്ങൾ ക്ലാസ് PTA എന്നിവ നടത്തി

# പ്രശ്നങ്ങൾ- വെല്ലുവിളികൾ

1 ലൈബ്രറി സംവിധാനങ്ങൾ പരിമിതമാണ് സ്വതന്ത്രമായി കുട്ടികൾക്ക് ഇടപെടാനുള്ള അവസരമില്ല

2 വായനയ്ക്ക് നല്ല പ്രോത്സാഹനം വിദ്യാലയം നൽകുന്നുവെങ്കിലും നന്നായി പുസ്തകം വായിക്കുന്ന കുട്ടികളുടെ എണ്ണം കുറവാണ് വായനയിലേയ്ക്ക് കുട്ടികളെ നയിക്കാൻ സാധിച്ചിട്ടില്ല.

3 മത്സര പരീക്ഷയിൽ പ്രത്യേകിച്ച് പൊതുവിജ്ഞാന മേഖലയിൽ കുട്ടികളുടെ പിന്നോക്കാവസ്ഥ പരിഹരിക്കപ്പെടേണ്ടതുണ്ട്

4 ഐ.ടി അധിഷ്ഠിത പഠനം എന്ന നിലയിലേക്ക്. ക്ലാസ് റൂം പ്രവർത്തനങ്ങളൊരുക്കാനായിട്ടില്ല

5 കുട്ടികളുടെ പഠന പിന്നോക്കാവസ്ഥ പരിഹരിക്കപ്പെടേണ്ടതുണ്ട് 20% കുട്ടികളെങ്കിലും പിന്നോക്കക്കാരാണ്

6 IED കുട്ടികളുടെ പഠന പിന്തുണ സംവിധാനം കൂടുതൽ മെച്ചപ്പെടേണ്ടതുണ്ട്

7 മുഴുവൻ കുട്ടികൾക്കും ഭാഷാശേഷി, ഗണിതശേഷി എന്നിവ കൈവരിക്കാൻ കഴിഞ്ഞിട്ടില്ല

8 ഓരോ കുട്ടിയുടേയും കഴിവുകൾ കണ്ടെത്തി പ്രോത്സാഹിപ്പിക്കാൻ കഴിയുന്നില്ല

9 പ്രാദേശിക വിഭവങ്ങളെ പരമാവധി പ്രയോജനപ്പെടുത്താൻ കഴിയുന്നില്ല

10 ~~കുട്ടികളെ~~ അസുഖങ്ങൾ കുട്ടികളെ തളർത്തുന്നതിനാൽ പല പ്രവർത്തനങ്ങളും താളം തെറ്റുന്നു

11 സാമ്പത്തിക ഭദ്രതയില്ലായ്മ മിക്ക കുട്ടികളുടേയും വീട്ടുഭക്ഷണത്തിൽ പ്രതിഫലിക്കുന്നുണ്ട് രക്ഷിതാക്കൾക്ക് ഫാമിലി കൗൺസിലിംഗ് ആവശ്യമാണ്

## ഭൗതികം

1 കുട്ടികളുടെ വർദ്ധനവിനനുസരിച്ചും പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന കെട്ടിടത്തിന്റെ കാലപ്പഴക്കം കൊണ്ടും പുതിയ കെട്ടിടത്തിന്റെ ആവശ്യം ഉണ്ട്

2 ക്ലാസ് ലൈബ്രറിക്ക് വിപുലമായ സൗകര്യം ഇല്ല

3 കലാ കായിക പ്രവർത്തനങ്ങൾക്കാവശ്യമായ പ്രോത്സാഹനം നൽകാൻ വിദഗ്ധരുടെ സേവനം എപ്പോഴും ലഭ്യമല്ല

4 പ്രഭാത ഭക്ഷണം കഴിക്കാത്ത കുട്ടികൾ സ്കൂളിലെത്തുന്നു (സ്കൂൾ ഗേറ്റ് മാറ്റി സ്ഥാപിക്കണമെന്ന ആവശ്യം SSK ഫണ്ടുപയോഗിച്ച് 2023-24 അധ്യയന വർഷത്തിൽ നടപ്പിലാക്കി കൂടാതെ ചുറ്റുമതിൽ നിർമ്മാണവും പൂർത്തിയായി)

| വിഭാഗം | നിലവിലുള്ളത് | ഇനി ആവശ്യമുള്ളത് |
|---|---|---|
| 1 ക്ലാസ് മുറി | | |
| 2 ടോയ്‌ലറ്റ് (Boys, Girls) | | |
| 3 കിണർ | | |
| 4 ലൈബ്രറി | | |
| 5 ചുറ്റുമതിൽ | | |
| 6 ഗേറ്റ് | | |
| 7 അടുക്കള | | |
| 8 കമ്പ്യൂട്ടർ റൂം | | |
| 9 ലാപ് ടോപ്പ് | | |
| 10 പ്രൊജക്ടർ | | |
| 11 സൗണ്ട് സിസ്റ്റം | | |
| 12 ഗ്രീൻ ബോർഡ് | | |
| 13 സ്കൂൾ ബസ് | | |
| 14 റീഡിംഗ് റൂം | | |
| 15 സ്മാർട്ട് ക്ലാസ്റൂം | | |

# Profile

വിദ്യാലയത്തിന്റെ പേര് : L.P.G.S N Paravur

വിലാസം : മെയിൻ റോഡ്
N പറവൂർ P.O

ഫോൺ :

സ്കൂൾ കോഡ് : 25848

വിദ്യാഭ്യാസ ഉപജില്ല : നോർത്ത് പറവൂർ

വിദ്യാഭ്യാസ ജില്ല : ആലുവ

റവന്യൂ ജില്ല : എറണാകുളം

ബി. ആർ. സി : നോർത്ത് പറവൂർ

വാർഡ് : 6

നിയമസഭാമണ്ഡലം : N പറവൂർ

സി. ആർ. സി : ജി.ടി.എം LPS N പറവൂർ

ലോക്സഭാമണ്ഡലം : എറണാകുളം

താലൂക്ക് : N. പറവൂർ

വില്ലേജ് : N. പറവൂർ

H.M. : ശോഭ. P.J

Mob. No : 9497443125

E-Mail : glpsn paravur @gmail com

സ്കൂൾ വിക്കി : Ernakulam(Rev. Dist)
: Alwa (Edn. Dist)
: Paravur (Sub. Dist)

# മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ

| അക്കാദമികം | ഭൗതികം | സാമൂഹികം |
|---|---|---|
| സ്കൂൾ റേഡിയോ | മാലിന്യസംസ്കരണം | സ്കൂളിന്റെ നേതൃത്വത്തിൽ അമ്മമാർക്ക് കമ്പ്യൂട്ടർ പരിശീലനം |
| സ്കൂൾ പത്രം | സൗരോർജ്ജപാനൽ | അമ്മയെഴുത്ത് |
| ഡോക്യുമെന്റേഷൻ | പുതിയ ക്ലാസ് റൂം | പ്രവൃത്തിപരിചയ മത്സരം |
| ഭാഷാശേഷി വികാസം | സ്പീക്കർ | സാഹിത്യസമാജം |
| സർഗശേഷി വികാസം | ചിത്രങ്ങൾ | ഡിജിറ്റൽ അസൈൻമെന്റ് |
| ഇംഗ്ലീഷ് ഭാഷാപഠനം | കെട്ടിടം ടെസ്‌വർക്ക് | വായനക്കൂട്ടം |
| പബ്ലിക് സ്പീക്കിംഗ് | | വിദ്യാലയ വികസന സമിതി |
| സയൻസ് ഫെസ്റ്റ് | | പൂർവ്വ അധ്യാപക സംഗമം |
| ബുള്ളറ്റിൻ ബോർഡ് | | പൂർവ്വ വിദ്യാർത്ഥി സംഗമം |
| തർക്ക മൂല | | പ്രാദേശിക പി.ടി.എ |
| ഗണിത മൂല | | സ്കൂൾകലണ്ടർ |
| ഹോണസ്റ്റി ഷോപ്പ് | | ഗ്രാമപത്രം |
| ഗണിത അസംബ്ലി | | അമ്മൂമ്മത്തണൽ |
| ഗ്രാമർ പോയിന്റ് | | PTA സർഗോത്സവം |
| ജൈവ വൈവിധ്യപാർക്ക് | | |
| പഠന യാത്രകൾ | | |
| ജൈവകൃഷി | | |
| ബ്ലോഗെഴുത്ത് | | |
| ദിനാചരണങ്ങൾ | | |

## അധ്യാപകരും, വിവരങ്ങളും

| അധ്യാപകരുടെ പേര് | | ക്ലാസ് ചുമതല |
|---|---|---|
| 1 ടോമിച്ച P.J. | H.M | |
| 2 അരുൺ P.R. | LPST | |
| 3 ബിന്ദുമോൾ K.A. | LPST | |
| 4 സഫീറ | LPST | |
| 5 ഫെമിന | LPST | |
| 6 [illegible] | LPST | |
| 7 അൻസിഫ | L.PST | |
| 8. അമീർ | Arabic | |
| 9 രാജേശ്വരി | Pre primary | |
| 10 സിനി | Helper | |
| 11 ജിനി | Pre Primary | |

## ഭിന്നശേഷിയുള്ള കുട്ടികളുടെ പട്ടിക

| ക്ലാസ് | വി ഐ | എച്ച് ഐ | എം. ആർ | ഓട്ടിസം | പഠന വൈകല്യം | അംഗ പരിമിതി | ആകെ |
|---|---|---|---|---|---|---|---|
| | | | | | | | |

പേര് : സ്കൂൾ പത്രം

മേഖല : സർഗ്ഗശേഷി വികാസനം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം. |
|---|---|---|---|---|
| കുട്ടികളുടെ സർഗ്ഗശേഷി ഉണർത്തി എഴുത്തുകാരനാക്കുക | സ്കൂൾ തല പ്രവർത്തനങ്ങൾ, നേട്ടങ്ങൾ, ക്ലാസ് പ്രവർത്തനങ്ങൾ | വർഷം മുഴുവൻ | SRG | |

പേര് : ബ്ലോഗെഴുത്ത്.

മേഖല : ഭാഷാശേഷി വികാസം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം. |
|---|---|---|---|---|
| രചനകൾ നവമാധ്യമങ്ങളിലൂടെ പ്രസിദ്ധീകരിക്കൽ | കുട്ടികളുടെ രചനകൾ ബ്ലോഗിൽ ചേർക്കൽ | പ്രതി മാസ പരിപാടി | വിദ്യാരംഗം, SRG. | |

പേര്: ഇംഗ്ലീഷ് അസംബ്ലി

മേഖല : പ്രകടനവേദികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷിലൂടെ അഭിനിവേശ-ക്കാരങ്ങൾക്ക് അവസരം നൽകൽ | ആഴ്ചയിൽ ഒരു ദിവസം കുട്ടികൾ തന്നെ അസംബ്ലിയുടെ മുഴുവൻ പരിപാടികളും ഇംഗ്ലീഷിൽ അവതരിപ്പി-ക്കുന്നു. | ആഴ്ച-യിൽ ഒരു ദിവസം | ഇംഗ്ലീഷ് ക്ലബ്ബ് | |

പേര് : ഇംഗ്ലീഷ് ഡയറി

ഉപമേഖല : ഡയറി - ലേഖനം .

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം. |
|---|---|---|---|---|
| ഇംഗ്ലീഷ് രചന മെച്ചപ്പെ-ടുത്തുന്ന-തിന്. | ഓരോ ദിവസത്തെയും വീട്ടിലെയും, വിദ്യാലയത്തി-ലെയും അനുഭവങ്ങൾ ഇംഗ്ലീഷിൽ എഴുതുക. ക്ലാസിൽ പൊതുവായി അവതരിപ്പിക്കുക. ഇംഗ്ലീ-ഷിൽ സംഭാഷണം പ്രോത്സാഹിപ്പിക്കുക | ആഴ്ച-യിൽ ഒരു ദിവസം | ക്ലാസ് ടീച്ചർ | |

പേര് : ഗണിത അസംബ്ലി

മേഖല : ഗണിത പഠനം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം. |
|---|---|---|---|---|
| ഗണിതപഠനം രസകരമാക്കു-വാൻ മനഃക്കണക്ക്, കുസൃതിക്കണക്ക് എന്നിവയിൽ പ്രാവീണ്യം നൽകുവാൻ | മനഃക്കണക്കുകൾ, കുസൃതികണക്കുകൾ എന്നിവ ഉൾപ്പെടുത്തി ജ്യാമിതീയ രൂപത്തിൽ ക്രമീകരിച്ച അസംബ്ലി | ദ്വൈ മാസം | ഗണിത ക്ലബ്ബ് | |

പേര് : സയൻസ് ഫെസ്റ്റ്

മേഖല : ശാസ്ത്രപഠനം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം. |
|---|---|---|---|---|
| ശാസ്ത്രീയ ചിന്താശേഷിയുള്ള കുട്ടി-കളെ വാർ-ത്തെടുക്കുന്നതിന്. | വിവിധ ക്ലാസുകളിൽ ശാസ്ത്രവുമായി ബന്ധപ്പെട്ട് നടക്കുന്ന പ്രവർത്തനങ്ങളുടെ ഉത്പന്നങ്ങൾ പ്രദർശിപ്പിക്കൽ. | വർഷത്തിൽ 2 തവണ | സയൻസ് ക്ലബ്ബ് | 1000 (സ്പോൺസർഷിപ്പ്) |

മേഖല : ഗണിതപഠനം

പേര് : ഗണിത കേളികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം. |
|---|---|---|---|---|
| അടിസ്ഥാന ഗണിതാശയങ്ങൾ മുഴുവൻ കുട്ടികളിലും ആർജ്ജിക്കുന്നതിന്. | മുഴുവൻ ക്ലാസുകളിലും ഗണിത മൂലകൾ ക്രമീകരിക്കൽ (മഞ്ചാടി, കളിനോട്, കാർഡുകൾ തുടങ്ങിയവ) | ജൂൺ | ക്ലാസ് ടീച്ചർ | 2000 |

മേഖല : ഗണിതപഠനം

പേര് : ഗണിതമൂല

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം. |
|---|---|---|---|---|
| ഗണിത പഠനം രസകരമാക്കൽ | ജ്യാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി ക്ലാസ് മുറി ഒരുക്കൽ, ഗണിതവുമായി ബന്ധപ്പെട്ട പസിലുകൾ, വർത്തകക്കിറ്റുകൾ എന്നിവ സജ്ജമാക്കൽ. | ഒരു പ്രാവശ്യം | ഗണിത ക്ലബ്ബ് | 1000 PTA |

പേര് : ശാസ്ത്ര പഠനോപകരണ ശില്പശാല

മേഖല : ലാബ് ശാക്തീകരണം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം. |
| --- | --- | --- | --- | --- |
| ശാസ്ത്ര പ്രക്രിയാശേഷികൾ വികസിപ്പിക്കുക. | ഓരോ ക്ലാസിനും അനുയോജ്യമായ പരീക്ഷണ നിരീക്ഷണ പ്രവർത്തനങ്ങൾക്ക് ഉതകും വിധം ശില്പശാലകൾ, ഷോപ്പുകൾ സംഘടിപ്പിക്കൽ. | ഓരോ ടേമിലും | ക്ലാസ് ടീച്ചർ | |

പേര് : എന്റെ പരീക്ഷണം (കുറിപ്പ് തയ്യാറാക്കൽ)

മേഖല : ശാസ്ത്ര അവബോധം വളർത്തൽ.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം. |
| --- | --- | --- | --- | --- |
| ശാസ്ത്ര പഠന താൽപര്യം വളർത്തുക. ശാസ്ത്രാവബോധം, ശാസ്ത്രീയ മനോഭാവം എന്നിവ വികസിപ്പിക്കുക. | പരീക്ഷണങ്ങൾ രേഖപ്പെടുത്തുന്നതിന്റെ പ്രാധാന്യം മനസ്സിലാക്കുന്ന തരത്തിൽ പരീക്ഷണക്കുറിപ്പ് തയ്യാറാക്കൽ. | എല്ലാ മാസവും. | ക്ലാസ് ടീച്ചർ | |

പേര് : മേളകൾ

മേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്ര പ്രവർത്തനങ്ങളിലൂടെ പഠിക്കുന്നു. സാമൂഹിക ശാസ്ത്രം, ഗണിതം എന്നിവയുമായി ബന്ധപ്പെട്ട അറിവ് വർദ്ധിപ്പിക്കുന്നതിന് കായിക പരിശീലനം. | സ്കൂൾതല മേളകളിൽ കുട്ടികളുടെ പൂർണ്ണ പങ്കാളിത്തം, ഉപജില്ലാ തലത്തിൽ പരമാവധി പങ്കാളിത്തം ആവശ്യമായ പരിശീലനം. | വർഷത്തിൽ ഒരുപ്രാവശ്യം. കായിക പരിശീലനം തുടർച്ചയായി നടത്തുന്നു. | വിവിധ ക്ലബുകൾ SRG PTA | 5000 (PTA സ്പോൺസർഷിപ്പ്) |

പേര് : ജൈവകൃഷി

മേഖല : അക്കാദമികം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം. |
|---|---|---|---|---|
| കാർഷിക മേഖലയെ അടുത്തറിയൽ, വിളവെടുക്കൽ | വിദ്യാലയത്തിലെ സൗകര്യപ്രദമായ സ്ഥലത്ത് ആകർഷകമായ വിധത്തിൽ തോട്ടം ഒരുക്കൽ. | വർഷത്തിൽ ഒരു തവണ | SRG SSG | 5000 (കൃഷിവകുപ്പ്) 5000 (സ്പോൺസർഷിപ്പ്) |

പേര് : പോഷകാഹാര പരിപാടി

മേഖല : അക്കാദമികം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം. |
|---|---|---|---|---|
| ആരോഗ്യമുള്ള കുട്ടികൾ ആരോഗ്യമുള്ള ശരീരം പഠനത്തിന് അനിവാര്യം. | ആഴ്ചയിൽ ഓരോ ദിവസവും വ്യത്യസ്ത മെനു ഉപയോഗിച്ച് ഉച്ചഭക്ഷണം. ഇതോടൊപ്പം പാലും മുട്ടയും | എല്ലാ പ്രവർത്തി ദിവസങ്ങളിലും. | ഉച്ചഭക്ഷണ ചുമതലയുള്ള അധ്യാപിക, HM, PTA | ഉച്ചഭക്ഷണ ഫണ്ട് സ്പോൺസർഷിപ്പ്. |

പേര് : മാലിന്യ സംസ്കരണം.

മേഖല : ഭൗതികം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം. |
|---|---|---|---|---|
| ശുചിത്വമുള്ള അന്തരീക്ഷം ഒരുക്കൽ. പ്ലാസ്റ്റിക് രഹിത വിദ്യാലയം. | ജൈവ, അജൈവ മാലിന്യങ്ങൾ സംസ്കരിക്കുന്ന ക്രമീകരണം. സൗകര്യപ്രദമായ സ്ഥലത്ത് ഒരുക്കൽ. | ഒരു വർഷം | SSG | |

പേര് : സ്കൂൾ കലണ്ടർ

മേഖല : സാമൂഹികം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം. |
|---|---|---|---|---|
| സ്കൂൾ വികവുകൾ സമൂഹവുമായി പങ്കുവെക്കൽ. | വിദ്യാലയത്തിലെ ഒരു വർഷത്തെ അക്കാദമിക പ്രവർത്തനങ്ങളും സാധാരണ ദിവസത്തെ കലണ്ടറും ചേർത്ത് വിതരണം നടത്തൽ. | വർഷത്തിൽ ഒരു തവണ | SRG<br>PTA | |

പേര് : ഗ്രാമപത്രം

മേഖല : സാമൂഹികം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം. |
|---|---|---|---|---|
| വിദ്യാലയ പ്രവർത്തനങ്ങൾ പൊതു സമൂഹത്തിൽ എത്തിക്കുക. | വിദ്യാലയ പരിസരങ്ങളിൽ വിദ്യാലയത്തിന്റെ ഗ്രാമപത്രം നിർമ്മിക്കുക. ദിവസവും വിദ്യാലയ സംബന്ധ വിവരങ്ങളും പൊതു വാർത്തകളും പ്രദർശിപ്പിക്കൽ | ദിനം പ്രതി | SRG<br>PTA<br>സ്കൂൾ പാർലമെന്റ് | |

പേര് : പൂർവ്വ വിദ്യാർത്ഥി സംഗമങ്ങൾ

മേഖല : സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സാമൂഹ്യ പങ്കാളിത്തം ഉറപ്പാക്കൽ | വിവിധ ബാച്ചുകളായി പൂർവ്വ വിദ്യാർത്ഥി സംഗമം, വിളിച്ച് ചേർക്കൽ, ഫണ്ട് സമാഹരണം | വർഷത്തിൽ 2തവണ | SSG PTA | |

പേര് : പൂർവ്വ അധ്യാപക സംഗമം

മേഖല : സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സാമൂഹ്യ പങ്കാളിത്തം ഉറപ്പാക്കൽ | സ്കൂൾ പ്രവർത്തനങ്ങളിൽ സഹായിക്കാൻ കഴിയുന്ന പഴയകാല അധ്യാപകരെ വിളിച്ച് ചേർത്ത് സമിതി രൂപീകരിക്കൽ. | വർഷത്തിൽ ഒരു തവണ | സ്റ്റാഫ് കൗൺസിൽ | |

പേര്: FM

മേഖല : സ്കൂൾ റേഡിയോ / ഭാഷാശേഷി വികസനം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സ്വാഭാവികമായ ഭാഷാ ശൈലി വികസിപ്പിക്കുന്നു. | ഭാഷാശൈലി, സ്വാഭാവികമായ ഭാഷാ വളർച്ചയ്ക്ക് സഹായകമായ പ്രവർത്തനങ്ങൾ കുട്ടികളുടെ പങ്കാളിത്തം ഉറപ്പാക്കി നടത്തുന്നു. | ആഴ്ചയിൽ ഒരിക്കൽ | SRG | |

പേര് : എഡിറ്റിംഗ്, മലയാളം ടൈപ്പിംഗ്.

മേഖല : ഭാഷാശേഷി വികസനം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടിയെ വിവരസാങ്കേതിക വിദ്യയിൽ മികവുറ്റ വിജ്ഞാനമുള്ളവരാക്കുക. | ഓരോ പ്രവർത്തനങ്ങൾക്കും അനുയോജ്യമായ രീതിയിൽ മലയാളം ടൈപ്പിംഗ് എഡിറ്റിംഗ് എന്നിവയിൽ മികവുറ്റവരാക്കുക. | ആഴ്ച തോറും | SRG. | |

പേര്: സൗരോർജ്ജ പാനൽ

മേഖല: ഭൗതികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| പാരമ്പര്യേതര ഊർജ്ജസ്രോതസ്സുകളെ ഉപയോഗപ്പെടുത്താൻ. | പുതിയ മന്ദിരം പഴയ വാർക്ക മന്ദിരം എന്നിവയുടെ മുകളിൽ സൗരോർജ്ജ പാനൽ സ്ഥാപിച്ച് വിവിധ ആവശ്യങ്ങൾക്ക് വൈദ്യുതി ലഭ്യമാക്കൽ. | 2 വർഷം | PTA | |

പേര്: IT ലാബ്

മേഖല: കമ്പ്യൂട്ടർ വിജ്ഞാനം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| കുട്ടികൾക്ക് സ്വതന്ത്രമായും നിർഭയമായും കമ്പ്യൂട്ടറുകൾ ഉപയോഗിക്കാനുള്ള അവസരം | IT, ICT പ്രവർത്തനങ്ങൾ / പരിശീലനങ്ങൾ എന്നിങ്ങനെയുള്ള പരിപാടികൾ സംഘടിപ്പിക്കൽ | ജൂൺ ആഴ്ച | ക്ലാസ് ടീച്ചർ | |

പേര്: ജൈവ വൈവിധ്യപാർക്ക്

മേഖല: അക്കാദമികം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പ്രകൃതിയെ തിരിച്ചറിയാനും, കൃഷിയോടുള്ള താത്പര്യം വളർത്തുന്നതിനും | സ്കൂളിൽ സൗകര്യപ്രദമായ സ്ഥലത്ത് ജൈവ വൈവിധ്യ പാർക്ക് നിർമ്മിക്കൽ | ഒരു പ്രാവശ്യം | SRG | SSA |

പേര്: പഠനയാത്രകൾ

മേഖല: അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ചരിത്രപരവും സാമൂഹിക പ്രസക്തിയുള്ള സ്ഥലങ്ങൾ സന്ദർശിക്കാനുള്ള അവസരം പാഠ്യവസ്തുതകൾ ഗ്രഹിക്കുന്നതിന് | സ്മാരകങ്ങൾ, ചരിത്രസ്തംഭങ്ങൾ പ്രദേശങ്ങൾ എന്നിവിടങ്ങളിലേക്ക് നടത്തുന്ന യാത്രകൾ വൈവിധ്യസ്ഥലങ്ങൾ സന്ദർശിച്ച് പ്രകൃതിയെ തിരിച്ചറിയുന്നു. | വർഷത്തിൽ 2 തവണ | SRG | സ്പോൺസർഷിപ്പ് |

പേര്: വിക്കി അപ്‌ഡേഷൻ

മേഖല: അക്കാദമികം / വിവരസാങ്കേതിക വിദ്യ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിക്കിപേജ് പരിചയപ്പെടുത്തുന്നതിനും, അവതരിപ്പിക്കുന്നതിനും | സ്കൂൾ ചരിത്രം, മികച്ച പ്രവർത്തനങ്ങൾ, നേട്ടങ്ങൾ എന്നിവ | കാലം മുഴുവൻ പല ഘട്ടങ്ങളിലായി | IT ക്ലബ്ബ് PSITC | |

പേര്: ദിനാചരണങ്ങൾ

മേഖല: സർഗ്ഗവികസനം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിവിധ ശേഷികളുടെ വികസനം | അക്കാദമിക വർഷം മുഴുവൻ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടക്കേണ്ട പ്രവർത്തനങ്ങൾ SRGയിൽ ഉൾപ്പെടുത്തുന്നു സംഘടിപ്പിക്കുന്നു. | വർഷം മുഴുവൻ | SRG | |

പേര് : അതിഥിയെ അറിയൽ.

മേഖല : സാമൂഹ്യ അവബോധം വളർത്തൽ.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ചർച്ചകൾ, സംവാദങ്ങൾ, അഭിമുഖങ്ങൾ ഇവയിലൂടെ സാമൂഹികമായ അറിവുകൾ നേടുന്നതിന്. | പ്രാദേശികമായി ലഭ്യമായ ആളുകളുമായി അഭിമുഖത്തിന് അവസരമൊരുക്കൽ. ചർച്ചകൾ, സംവാദങ്ങൾ ക്ലാസ്തലത്തിൽ സംഘടിപ്പിക്കൽ | ഓരോ മാസത്തിലും | ക്ലാസ് ടീച്ചർ | |

പേര് : ഫീൽഡ് ട്രിപ്പ്.

മേഖല : പൊതുസ്ഥാപനങ്ങൾ.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സമൂഹത്തിന്റെ മുമ്പോട്ട് പോക്കിന് സഹായകമാകുന്ന സാമൂഹ്യ സ്ഥാപനങ്ങളുടെ പ്രാധാന്യം തിരിച്ചറിയുന്നതിന്. | പോലീസ് സ്റ്റേഷൻ, പോസ്റ്റോഫീസ്, പഞ്ചായത്ത്, വില്ലേജ്, മുനിസിപ്പാലിറ്റി, ആശുപത്രി മുതലായവയിലേക്ക് ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കൽ. ലൈബ്രറി സന്ദർശനം. | ഓരോ മാസത്തിലും | ക്ലാസ് ടീച്ചർ. | |

പേര് : ബുള്ളറ്റിൻ
മേഖല : ലേഖനം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആവിഷ്ക്കാരങ്ങൾക്ക് അവസരം ഒരുക്കുക. | ജൂൺ - പരിസ്ഥിതി<br>ജൂലൈ - ചന്ദ്രൻ<br>ആഗസ്റ്റ് - സ്വാതന്ത്ര്യ ദിനം<br>സെപ്റ്റംബർ - ഓണം<br>ഒക്ടോബർ - ഗാന്ധിജി<br>നവംബർ - കേരളം<br>ഡിസംബർ - ക്രിസ്തുമസ്<br>ജനുവരി - ന്യൂഇയർ | ഓരോ മാസവും | ക്ലാസ് ടീച്ചർ. | |

പേര് : തിയറ്റർ
മേഖല : കുട്ടികളുടെ സർഗശേഷി ഉയർത്തുവാൻ.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഭാഷകളിലെ പ്രവർത്തനങ്ങൾ സർഗാത്മകമായി ഉപയോഗിക്കുവാൻ പ്രാപ്തരാക്കുന്നതിന്. | ഭാഷാ പാഠപുസ്തകങ്ങളിലെ വ്യവഹാര രൂപങ്ങളെ മറ്റൊരു രൂപത്തിലേക്കു മാറ്റി സദസിനു മുമ്പിൽ അവതരിപ്പിക്കുന്നു. | പ്രതിമാസ പരിപാടി | ക്ലാസ് ടീച്ചർ | 1000<br>P.T.A. |